പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2195** **05.05.2017-ൽ മറുപടിക്ക്**

## കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് തസ്തികയ്ക്കനുസരിച്ചുള്ള മിനിമം വേതനം നൽകാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. സ്വരാജ് : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് പല വകുപ്പുകളിലും കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് ജോലി ചെയ്യുന്ന തസ്തികയ്ക്കനുസരിച്ചുള്ള മിനിമം വേതനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | സംസ്ഥാനത്ത് 80 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും ആയതിൽ 75 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് മാത്രമായി മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പ് ഉത്തരവിറക്കിയിട്ടില്ല. എന്നാൽ ധനകാര്യവകുപ്പിന്റെ 26.02.16 ലെ സ.ഉ.(പി) 28/16/ധന ഉത്തരവിൻ പ്രകാരം ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | | |
| (സി) | ഇത്തരത്തിൽ പണിയെടുക്കുന്നവർക്ക് മാന്യമായ വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഡി) | ഇതു സംബന്ധിച്ച് എല്ലാ വകുപ്പുകളിൽ നിന്നും കരാർ ജീവനക്കാർക്ക് നൽകുന്ന വേതനത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിന് തയ്യാറാകുമോ; | | |
| (ഇ) | ഇത്തരത്തിൽ മിനിമം വേതനം നൽകാത്ത സാഹചര്യം ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഇ) | മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള 75 തൊഴിൽ മേഖലകളിൽ പ്രസ്തുത വേതനം ലഭിക്കുന്നുവെന്ന ഉറപ്പുവരുത്തുവാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ.